

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 1 JANUARY 2010


## എഡിറ്റോറിയൽ

### പുതുവർഷവും മനശുദ്ധിയും

"ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടി കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എപ്പോഴും എല്ലാത്തിനും വേണ്ടി സ്തോത്രം ചെയ്തുകൊൾവിൻ" (എഫേസ്യർ 5:19 - 20). എപ്പോഴും കർത്താവിനെ സ്തോത്രം ചെയ്യുന്നത് നമ്മുടെ മനസ്സിനെ ശുദ്ധമാക്കി വയ്ക്കുവാൻ സഹായിക്കും. ശൂന്യമായ മനസ്സ് പിശാചിന്റെ താവളമാണെന്ന് പറയാറുണ്ട്.

ഈ വസ്തുത പ്രകടമാക്കുവാൻ ഒരിക്കൽ ഒരു സുവിശേഷകൻ പറഞ്ഞ ഉദാഹരണം ഇപ്രകാരമായിരുന്നു. ഒരു ഒഴിഞ്ഞ പാത്രമെടുത്തിട്ട് അദ്ദേഹം അതിലെ വായു മുഴുവൻ പുറത്തു കളയാമോയെന്നു ചോദിച്ചു. പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. ചിലർ വായ് കൊണ്ട് വായു വലിച്ചുകളയാമെന്നും, മറ്റുചിലർ വായു പമ്പു പയോഗിച്ചു കളയാമെന്നും പലപലമാർഗ്ഗങ്ങൾ പറഞ്ഞു. എന്നാൽ ഇതൊന്നും പൂർണ്ണമായ ഉത്തരമല്ലെന്ന് എല്ലാവരും സമ്മതിച്ചു. അദ്ദേഹം വേറൊരു പാത്രത്തിൽ നിന്ന് വെള്ളം വായു കളയേണ്ട പാത്രത്തിലേക്കൊഴിച്ചു നിറച്ചു. ആരും പ്രതീക്ഷിക്കാതിരുന്ന ആ ഉത്തരം എല്ലാവരേയും അതിശയിപ്പിച്ചു. ശൂന്യമായ മനസ്സിനെയാണ് സുവിശേഷകൻ ഒഴിഞ്ഞ പാത്രമായി സങ്കൽപ്പിച്ചത്. അതിൽ വെള്ളം നിറച്ച് വായു പുറത്തു കളഞ്ഞതുപോലെ നന്മകളെ നിറച്ചിട്ടുവേണം തിന്മകളെ മനസ്സിൽ നിന്ന് ഓടിക്കുവാൻ. എപ്പോഴും നന്മകൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ ശൂന്യമായ മനസ്സിൽ തിന്മകൾ കയറിക്കൂടുവാനുള്ള സാദ്ധ്യത ഇല്ലാതാകും.

ഹെലൻകെല്ലർ പറഞ്ഞതുപോലെ *"നാളെ നിങ്ങൾ അന്ധരായേക്കാം അതുകൊണ്ട് ഇന്നുതന്നെ കാണുക. നാളെ നിങ്ങൾ ബധിരരായേക്കാം അതുകൊണ്ട് ഇന്നുതന്നെ കേൾക്കുക."*

എന്തെങ്കിലും പ്രവർത്തിക്കുവാൻ നമുക്കുള്ള അവസരം ഇന്നു തന്നെയാണെന്നു ചിന്തിക്കണം. നമുക്ക് നാളയെക്കുറിച്ച് ഒന്നുമറിയില്ല. നല്ലതു പ്രവർത്തിക്കുവാനുള്ള അവസാന അവസരം ഇന്നു മാത്രമാണെന്നു വിശ്വസിച്ചു പ്രവർത്തിക്കുക. നന്മമാത്രം ചെയ്യുന്ന ഒരു ദൈവവിശ്വാസിയോട് ഒരു സ്നേഹിതൻ ഒരിക്കൽ നിങ്ങൾക്ക് എങ്ങനെ ഇതു സാധിക്കുന്നു എന്നു ചോദിച്ചു. അയ്യാളുടെ മറുപടി ഇങ്ങെനെയായിരുന്നു. എന്നും ഞാൻ എഴുന്നേൽക്കുമ്പോൾ ആ ഒരു ദിവസമെങ്കിലും മനസ്സിൽ സന്തോഷമുണ്ടാക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യുമെന്നു തീരുമാനിക്കുന്നു. അതിനുവേണ്ടി മാത്രം ശ്രമിക്കും. നാളെ എന്നത് എന്റെ നിഘണ്ടുവിൽ നിന്ന് ഞാൻ മാറ്റി വയ്ക്കും.

നല്ല ചിന്തകൾ മനസ്സിൽ കടക്കുമ്പോൾ മനസ്സ് ശൂന്യമായിരിക്കുകയില്ല. കഴിഞ്ഞകാല ദുഃഖസ്മരണകളെ മനസ്സിൽ കൊണ്ടുനടക്കാതിരിക്കുക. വർത്തമാനകാലത്തെ നല്ല ചിന്തകൾ മാത്രം മനസ്സിൽ നിറയെ സൂക്ഷിക്കാൻ ശ്രമിക്കണം. ശൂന്യമായ മനസ്സിൽ മാത്രമെ നാശത്തിന്റെ വിത്ത് മുളയ്ക്കുകയുള്ളൂ. അതുകൊണ്ട് ഒരു കാര്യം വളരെ സ്പഷ്ടമാണ്. നമ്മെ നശിപ്പിക്കുവാൻ നമുക്കു മാത്രമെ സാധിക്കയുള്ളൂ. മറ്റാർക്കും നമ്മെ നശിപ്പിക്കുവാൻ സാധിക്കയില്ല.

സഭാപ്രസംഗി പറയുന്നത് (2:24) തന്റെ പ്രയത്നത്തിന്റെ സുഖം അനുഭവിക്കുന്നതല്ലാതെ മനുഷ്യന് മറ്റൊരു നന്മയുമില്ല എന്നാണ്. ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ ചെയ്തുതീർക്കുവാൻ ചില ജോലികൾ ഉള്ളതിനായി ദൈവത്തെ സ്തുതിക്കണം. ജോലിയിൽ ഏകാഗ്രത പാലിച്ച് അദ്ധ്വാനിക്കുന്നവർക്കുള്ള ആനന്ദം മടിയന് ഒരിക്കലും ലഭിക്കുകയില്ല. ജോലിയിൽ മടിയനായി നമ്മുടെ ഹൃദയം പിശാചിന്റെ പണിശാലയാക്കരുത്. ഈ പുതുവത്സരം സന്തോഷത്തിന്റേതാകാൻ നമുക്കു പ്രാർത്ഥിക്കാം. ■

## ആത്മാവിൽ ദരിദ്രരായവർ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഏറെ തെറ്റിധരിക്കപ്പെട്ടിട്ടുള്ള ഒരു വാക്യാംശമാണ് മേലുദ്ധരിച്ചത്. ഈ പരാമർശം ദരിദ്രരെപ്പറ്റിയാണോ? അതോ അതിന്റെ ഊന്നൽ ആത്മീകതയിലോ? രണ്ടു നിഗമനങ്ങളും പൂർണ്ണമായും ശരിയായിരിക്കില്ല. ഇതിനു സമാനമായ മറ്റൊരു പരാമർശമാണ്, "ദരിദ്രന്മാർ എപ്പോഴും നിങ്ങളോടൊപ്പമുണ്ടല്ലോ" എന്നത്. അതും വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതുതന്നെ. അല്പം സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം, ദാരിദ്ര്യത്തെ ആഘോഷിക്കുന്നതല്ല ഇത് എന്ന് സ്പഷ്ടമായിരിക്കും. ആത്മാവിന്റെ സ്വാതന്ത്യം എന്നത് വിശിഷ്ടമായ ഒരു ഭാഷാകോശം തന്നെയാണ്. ഒരേ സമയം സമ്പന്നന്മാരിൽ സമ്പന്നനും ദരിദ്രന്മാരിൽ ദരിദ്രനുമാണ് ഈശ്വരൻ. അദ്ദേഹം സമ്പത്തിനും ദാരിദ്ര്യത്തിനും അപ്പുറത്താണ്. സ്വാർത്ഥത തൊട്ടുതീണ്ടിയിട്ടില്ലാത്ത, സ്നേഹവും ദാനവും ശീലമാക്കിയിരിക്കുന്നതാണ് അതിന്റെ വ്യാപ്തി. ദാരിദ്ര്യവും ധാർമ്മിക സമ്പന്നതയും സമ്മേളിക്കുന്ന രംഗമാണ് "ആത്മാവിന്റെ ദാരിദ്ര്യം" അതിന്റെ പരമാർത്ഥം ഇങ്ങനെ സംഗ്രഹിക്കാം. ഒന്നും തനിക്ക് സ്വന്തമായുള്ളതല്ല എന്ന് ഏറ്റവും ധനികൻ ചിന്തിക്കുന്നത് ധാർമ്മിക വിപ്ലവത്തിന്റെ മുഖമാണ്. എല്ലാം ഉള്ളപ്പോഴും ഒന്നും തന്റേതല്ല എന്ന് ഉറച്ചു വിശ്വസിക്കുകയും ഉടമസ്ഥത ഭാവിക്കാതിരിക്കുകയും ചെയ്യുന്നതാണ് അതിന്റെ ഉള്ളടക്കം. ഇത് സ്ഥായിയായ ഒരു മനോഭാവവും തിരിച്ചറിവുമാണ്.

നമ്മുടെ അറിവിൽ, ഇക്കാണുന്നതത്രയും, ഈശ്വരന്റെ സൃഷ്ടിയും ദാനവുമാണെന്നും, അതിനാൽ അതിന്റെ അംശങ്ങളെ ഉപയോഗിക്കുമ്പോൾ നന്ദിയോടും ചുമതലാബോധത്തോടും കൂടെ മാത്രമെ ആകാവു എന്നർത്ഥം. ഏതുതരം അഹംഭാവത്തെയും ആട്ടിയോടിക്കുന്ന ശ്രേഷ്ഠമായ തിരിച്ചറിവാണ് അത്. വിനോബാഭാവെ ഭൂദാനപ്രസ്ഥാനം ആരംഭിച്ചത് "ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്റെ" ആവിഷ്കാരമായിരുന്നു എന്ന് ഗ്രഹിക്കാൻ എളുപ്പമായിരിക്കും. ഒരാൾ ദരിദ്രനായി പിറക്കുന്നത് അയ്യാൾ ഒരു പാതകവും ചെയ്തിട്ടല്ലല്ലോ. ധനിക കുടുംബത്തിൽ പിറക്കുന്നത് ഏതോ നല്ല കാര്യങ്ങൾ ചെയ്തുകൂട്ടിയതും കൊണ്ടല്ല. അങ്ങനെ ചിന്തിച്ചു വന്നാൽ ഈ മണ്ണിനും, വായുവിനും, വെള്ളത്തിനും അവകാശം എല്ലാവർക്കും ഉള്ളതാണ്. ഇതുതന്നെയാണ് ഏകത്വവാദവും സർവ്വ ലൗകീകതയുമായി വ്യവഹരിക്കപ്പെടുന്നത്.

അങ്ങനെ ആത്മാവിലെ ദാരിദ്ര്യം ധനാലുത്വവും അന്തസ്സുമായി മാറുന്നു. ധനികത്വം ദാരിദ്ര്യത്തെ മടികൂടാതെ പുൽകുന്നു. "ആത്മാവിന്റെ സ്വാതന്ത്ര്യം"ഉത്തുംഗമമായ ഒരു സംസ്കാരത്തിന്റെ വർണ്ണനയാണ്. ഈ മാനസ്സികാവസ്ഥ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ പ്രതീകവും.

എല്ലാറ്റിനെയും സ്നേഹിക്കുകയും, നിസ്വാർത്ഥമായി സേവിക്കാൻ തയ്യാറാകുകയും ചെയ്യുന്ന മനോഗതിയാണിത്. അത് ലൗകീകമായ ദാരിദ്ര്യവുമല്ല, സമ്പന്നതയുമല്ല. എല്ലാറ്റിലും ഈശ്വരന്റെ നായികത്വവും, നിയന്ത്രണവും അറിഞ്ഞ് അംഗീകരിക്കുകയും എല്ലാ സൗകര്യങ്ങളും എല്ലാവരുമായി പങ്കുവയ്ക്കുന്ന സന്മനസ്സാണ് അതിന്റെ മുഖമുദ്ര.

ഇപ്പോൾ എന്ത് തോന്നുന്നു. നമ്മൾ ദരിദ്രരോ, സമ്പന്നരോ? അതോ ആത്മാവിൽ ദരിദ്രരോ? ■

## ഇടവകപ്പെരുന്നാൾ



നമ്മുടെ ഇടവകപ്പെരുന്നാൾ 9,10 (ശനി, ഞായർ) തീയതികളിൽ നടക്കുകയാണല്ലോ. പെരുന്നാൾ ശുശ്രൂഷകൾക്ക് കൽക്കട്ടാ ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദീവാന്നാസ്യോസ് മുഖ്യകാർമ്മികനായിരിക്കും. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ആദിയോടന്തം ഉണ്ടാകണം. എല്ലാ ഇടവകാംഗങ്ങളും, പെരുന്നാളിന് പ്രത്യേകം ക്രമീകരിച്ചിട്ടുള്ള ഓഹരി (share) ചേർന്ന്, നേർച്ചക്കാരായി, വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹീതരാകണം.



## വികാരിയുടെ കത്ത്



# ദൈവമാതാവായ പരിശുദ്ധ കന്യക മറിയം

ഫാ. ഒ.വി. ഏലിയാസ്

ക്രിസ്തീയ ലോകത്തെ പൊതുവിൽ മൂന്നു വിഭാഗങ്ങളായി തിരിക്കാം. അവ താഴെ പറയുന്നവയാണ്. 1) ഓർത്തഡോക്സ് സഭകൾ (ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും). 2) കത്തോലിക്കാസഭ. 3) നവീകരണസഭകൾ (ഏതാനും എപ്പിസ്കോപ്പൽ സഭകളും സെക്ടേറിയൻ വിഭാഗങ്ങളും ഉൾപ്പടെ). വിശ്വാസ കാര്യങ്ങളിൽ കാര്യമായ കൂട്ടിച്ചേർക്കലുകളോ വെട്ടിച്ചുരുക്കുകളോ കൂടാതെ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം കാത്തുസൂക്ഷിക്കുന്നത് ഓർത്തഡോക്സ് സഭകളാണ്. പ്രത്യേകിച്ചും ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ. ഇതിനോടകം കത്തോലിക്ക സഭ വിശ്വാസകാര്യങ്ങളിൽ പലതുകൂടി ചേർത്തിട്ടുണ്ട്. നവീകരണ സഭകളാകട്ടെ വിശ്വാസകാര്യങ്ങളിൽ കാതലായ പലതും പാടേ ഉപേക്ഷിച്ചു. കൂട്ടിച്ചേർത്തത് ഉപേക്ഷിക്കാനും വിട്ടുകളഞ്ഞത് സ്വീകരിപ്പാനും തയ്യാറായാലേ സഭയുടെ വിശ്വാസകാര്യങ്ങളിൽ ഐക്യം പുലർത്തുവാൻ സാധിക്കുകയുള്ളൂ. അവിടെയാണ് സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം കാത്തുസൂക്ഷിക്കുന്ന ഓർത്തഡോക്സ് സഭയുടെ പ്രസക്തി.

ദൈവമാതാവായ പരിശുദ്ധകന്യക മറിയാമിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന നമ്മുടെ ദേവാലയത്തിൽ മാതാവിന്റെ പെരുന്നാൾ ആഘോഷിക്കുന്ന സന്ദർഭമാണല്ലോ ഇത്. അതുകൊണ്ടുതന്നെ പരിശുദ്ധ ദൈവമാതാവിനെക്കുറിച്ചുള്ള വിവിധ സഭകളുടെ കാഴ്ചപ്പാട് എന്ത് എന്ന് ലഘുവായി ചിന്തിക്കാം. ദൈവമാതാവും പരിശുദ്ധകന്യകയുമായ മറിയാമിനെക്കുറിച്ച് മേൽപറഞ്ഞ മൂന്നു സഭാവിഭാഗങ്ങളിൽ സാരമായ അഭിപ്രായഭിന്നതകളുണ്ട്. യേശുവിനെ പ്രസവിച്ച ഒരു സ്ത്രീ എന്നതിലധികമായി നവീകരണ സഭാവിഭാഗക്കാർ മറിയാമിൽ ഒരു പ്രത്യേകതയും കാണുന്നില്ല. എല്ലാ കാര്യങ്ങൾക്കും വേദപുസ്തകത്തിൽ ഉത്തരമുണ്ടെന്നും വേദപുസ്തകത്തിൽ നിന്ന് അന്യമായതൊന്നും സ്വീകാര്യമല്ലെന്നും പഠിപ്പിക്കുകയും വേദപുസ്തകത്തിൽ കാണുന്നതെല്ലാംഅതേപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അനുശാസിക്കുന്ന നവീകരണക്കാർ ചില കാര്യങ്ങളിൽ വേദപുസ്തക ഭാഷ്യത്തെ സ്വീകരിക്കാതിരിക്കുന്നത് ഒരു ഇരട്ടത്താപ്പുനയം തന്നെയാണ്. ഉദാഹരണത്തിന് കന്യകമറിയാമിനോടുള്ള സമീപനം തന്നെ നോക്കാം. മറിയാം ദൈവമാതാവാണെന്നും കന്യകയാണെന്നും പറഞ്ഞാൽ അവർ നെറ്റി ചുളിക്കും. കന്യകമറിയാം തന്റെ ചാർച്ചക്കാരിയും ഗർഭവതിയുമായ ഏലിസബേത്തിനെ സന്ദർശിക്കാനെത്തിയപ്പോൾ അവർ തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കാം "ആ നാളുകളിൽ മറിയ എഴുന്നേറ്റ് മലനാട്ടിൽ ഒരു യെഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു, സഖറിയാവിന്റെ വീട്ടിൽ എത്തി ഏലിസബേത്തിനെ വന്ദിച്ചു. മറിയയുടെ വന്ദനം ഏല്സബേത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി; ഏലിസബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി, ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് :സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത് എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്ന് ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ട് തുള്ളി. കർത്താവ് തന്നോട് അരുളി ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. അപ്പോൾ മറിയ പറഞ്ഞത് : എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്ന് വാഴ്ത്തും" (ലൂക്കോ:1:39-48).

ദൈവമാതാവും അനുഗ്രഹിക്കപ്പെട്ടവളും ഭാഗ്യവതിയുമെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ മറിയാമിനെ ഭാഗ്യവതിയെന്ന് കീർത്തിക്കുവാനോ സാക്ഷ്യപ്പെടുത്തുവാനോ കഴിയാത്ത അവസ്ഥ എത്ര ശോചനീയമാണ്. "സകല വംശങ്ങളും എന്നെ ഭാഗ്യവതി എന്ന് കീർത്തിക്കും"എന്ന പ്രവചനം പൂർത്തീകരിക്കപ്പെടുവാൻ പങ്കാളികളാകാതെ മാറിനിൽക്കുന്നത് എത്ര വിചിത്രമാണ്. ഇത് വേദവിപരീതം ആണെന്നു മനസ്സിലാക്കാൻ കഴിയാത്തതും ആശ്ചര്യം തന്നെ.

കത്തോലിക്കാസഭയുടെ വിശ്വാസമാകട്ടെ മറിയ ഭക്തി വർദ്ധിച്ച് മറിയാരാധനയിലെത്തിനിൽക്കുന്നു. ഈ ആരാധനാമനോഭാവത്തിന് ബലം നൽകാൻ അല്ലെങ്കിൽ അതിനെ നിയമാനുസൃതമാക്കുവാൻ സഹരക്ഷക (Mary Co-Redeemer) എന്നൊരു വേദശാസ്ത്രപ്രമാണം തന്നെ രൂപപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ഏറെക്കുറെ മറിയാമിനെ ദൈവത്തോടൊപ്പം പ്രതിഷ്ഠിച്ചിരിക്കുന്നു. മറിയാം അമലോത്ഭവയാണ് എന്നും അവർ പഠിപ്പിക്കുന്നു.

മേൽപ്പറഞ്ഞ രണ്ടു കാഴ്ചപ്പാടുകളും ധ്രുവാന്തരത്വമുള്ള രണ്ട് പാരമ്പര്യങ്ങളിൽ നിന്നുളവായിട്ടുള്ളവയാണ്. മറിയാമിനോടുള്ള അന്ധമായ നീരസമാണ് ഒരിടത്തെങ്കിൽ മറിയാമിനെ ദൈവതുല്യം ഉയർത്തികാണിക്കുന്ന നിലപാടാണ് രണ്ടാമത്തേത്. എന്നാൽ രക്ഷാചരിത്രത്തിൽ മറിയാമിന്റെ നിസ്തുലമായ സാന്നിദ്ധ്യത്തെ അംഗീകരിച്ചുകൊണ്ട് വിശുദ്ധന്മാരുടെ സംഘത്തിലെ ഒന്നാമത്തെ ആൾ എന്ന പദവി നൽകി ബഹുമാനിക്കുകയും തികച്ചും വേദാനുസൃതമായ രീതിയിൽ സഭാഗാത്രത്തിലെ അവയവങ്ങളുടെ പാരമ്പര്യത്തിന്റെ യുക്തി ഭദ്രതയ്ക്ക് യോജിച്ച വിധത്തിൽ ഭാഗ്യവതിയുടെ സ്മരണയും മദ്ധ്യസ്ഥതയും പ്രമാണിക്കുകയും ചെയ്യുന്ന മറ്റൊരു പാരമ്പര്യമുണ്ട്. അതത്രെ സ്തുതി ചൊവ്വാക്കപ്പെട്ട ഓർത്തഡോക്സ് സഭകളുടേത്. ദൈവത്തോടുള്ള പൂർണ്ണമായ വിശ്വാസം അനുസരണം എന്നിവയാൽ ആദിമ ഹവ്വ വീഴ്ച്ചക്കാരിയായി, മനുഷ്യരും ഭൂമിയും ശാപത്തിന് വിധേയരായെങ്കിൽ ഗബ്രിയേൽ ദൂതന്റെ അറിയിപ്പിന് മുമ്പിൽ തന്നെത്താൻ പൂർണ്ണമായി സമർപ്പിച്ച മറിയാം തന്റെ വർഗ്ഗത്തിന് മുഴുവൻ രക്ഷ നൽകുന്നതിന് ഭൂമിയിലേക്ക് വരുവാൻ മുഖാന്തിരമായിത്തീർന്ന അനുഗ്രഹത്തിന് വഴിയൊരുക്കിയതിലൂടെ രണ്ടാമത്തെ ഹവ്വയായി. ഒന്നാമത്തെ ഹവ്വ തോറ്റിടത്ത് രണ്ടാമത്തെ ഹവ്വ ജയിച്ചു. ഒന്നാമത്തെ ഹവ്വ തന്റെ സ്വാതന്ത്ര്യം ദൈവഹിതത്തിന് വിപരീതമായി ഉപയോഗിച്ചപ്പോൾ രണ്ടാമത്തെ ഹവ്വ തന്റെ സ്വാതന്ത്ര്യം ദൈവഹിതത്തിനനുസൃതമായി ഉപയോഗിച്ചു. വി. വേദപുസ്തകവും സഭാചരിത്രവും ആദ്യവസാനം പരിശോധിച്ചാലും വിശ്വാസം, സമർപ്പണം എന്നിവയിൽ മറിയാമിനോടു താരതമ്യപ്പെടുത്താവുന്ന ആരെയും കാണാനാവില്ല. അതുകൊണ്ട് വിശുദ്ധന്മാരുടെ കൂട്ടത്തിൽ മറിയാമിനെ ഒന്നാമതായി ഓർത്ത് ബഹുമാനിക്കുന്നത് സർവ്വഥായോഗ്യമായ കാര്യമാണ്.

മറിയാമിനെ കർത്താവിന്റെ മാതാവ് എന്ന് വിളിക്കാം, രക്ഷിതാവിന്റെ അമ്മ എന്ന് വിളിക്കാം, മശിഹായുടെ അമ്മഎന്ന് വിളിക്കാം എന്നാൽ ദൈവമാതാവ് എന്ന് വിളിക്കാൻ പാടില്ല, അങ്ങനെ വിളിക്കുന്നത് വേദപിപരീതമാണ്, കാരണം ദൈവത്തിന് അമ്മയില്ല, ഇങ്ങനെ പോകുന്നു ചിലരുടെ വാദഗതികൾ. എന്നാൽ സത്യമെന്തെന്ന് നോക്കാം. അനാദിയായ ദൈവത്തിന് മാതാവുമില്ല പിതാവുമില്ല. താൻ താൻതന്നെ. എങ്കിലും മനുഷ്യനായി ജനിക്കുന്നതിന് തനിക്ക് ഒരു മാനുഷ്യമാതാവ് ആവശ്യമായിരുന്നു. മറിയാമിനെ അതിനായി തെരഞ്ഞെടുക്കുകയും അവളിൽ നിന്ന് താൻ ശരീരപ്രകാരം ജനിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ ദൈവമാതാവെന്ന് (ദൈവപ്രസവിത്രി) കന്യക മറിയാമിനെ ഏലിസബേത്തിനോടൊപ്പം പരിശുദ്ധാത്മാവിൽ നമുക്കും വിളിക്കാം. ദൈവത്തെ പ്രസവിച്ചതുകൊണ്ട് മറിയാം ദേവിയാകുന്നില്ല. മനുഷ്യസ്ത്രീ തന്നെ. ദൈവഇഷ്ടം ചെയ്യുന്നവരെ ദൈവം മാനിക്കുന്നതിനാലും അവരുടെ യാചനകൾക്ക് ദൈവം യഥാസമയം മറുപടി നൽകുന്നതിനാലുമത്രെ ദൈവമാതാവായ മറിയാമിനെ നാം ബഹുമാനിക്കുകയും അവളുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുന്നത്. വേദാനുസൃതമായ വിധത്തിൽ മറിയാമിനെ ബഹുമാനിക്കുന്നതിന് പകരം മറിയാമിനെ താഴ്ത്തിക്കെട്ടുന്നതും, അവളെ ദൈവതുല്യമായി ചിത്രീകരിക്കുന്നതും വേദവിപരീതമാണെന്ന് മനസ്സിലാക്കുക.

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമുക്കെന്നും കോട്ടയായിരിക്കട്ടെ. ■

# ക്രിസ്തുമസ് സായാഹ്നം

യേശുക്രിസ്തുവിന്റെ ഭൗമിക ജനനപ്പെരുന്നാൾ ഒരിക്കൽ കൂടി നാം ആചരിച്ചു. ക്രിസ്തുമസ്സിന് വിശ്വാസികളെ ഒരുക്കുന്ന, ഇടവക തലത്തിലുള്ള ക്രിസ്തുമസ്സ് ആഘോഷം ഡിസംബർ 23ന് നടന്നു. സന്ധ്യാനമസ്ക്കാരശേഷം ക്രിസ്തുമസ്സിന് പ്രത്യേകം രൂപീകരിച്ച മുതിർന്നവരുടെ ക്വയറിന്റെയും, ജൂനിയർ ക്വയറിന്റെയും ഗാനാലാപത്തോടെ ആരംഭിച്ച ക്രിസ്തുമസ്സ് ഗാനസന്ധ്യയിൽ വൈദിക സെമിനാരി അദ്ധ്യാപകൻ ബഹു. ഏബ്രഹാം തോമസ് അച്ചൻ സന്ദേശം നൽകി. ക്രിസ്തുമസ്സ് ഫാദറിന്റെ സാന്നിദ്ധ്യം നയനാനന്ദകരവും സന്തോഷപ്രദവു മായിരുന്നു. നിരവധി ക്രിസ്തീയഗീതങ്ങളുടെ രചയിതാവും, സുറിയാനി ഭാഷാദ്ധ്യാപകനും, അസി. വികാരി ബഹു. വർഗ്ഗീസ് അച്ചന്റെ പിതാവുമായ ശ്രീ. പി. ഐ. ഐപ്പിനെ തദവസരത്തിൽ ആദരിച്ചു. പങ്കെടുത്ത എല്ലാവർക്കും ക്രിസ്തുമസ്സ് മധുരവും നൽകി.









# THE NEW YEAR BELL

**Petson Peter C**

Melwin opened his old satchel and counted his little savings. Every time he fancied about the things he would like to buy with the savings which usually ends up in a sigh, hoping to accomplish them at a later date. He earned this amount from his petty shop inherited from his father by the side of a beach where Tourists used to throng. Whatever amount he gets from the shop, a small portion will be saved after meeting expenses for self and mother who lives with him near to a church in their ancestral home.

On Sundays Melwin opts to spend his whole time in the church rather to open the curio shop though he knew the fact that there is lucrative business on Sundays. On one such Sunday while he was listening to a pulpit speech, the Vicar of the Church urged the Parish members to co-operate in purchasing a new bell to replace the old and defective one. Melwin thought for a while and made up his mind to contribute his entire savings for the bell. He went home and without a second thought brought the entire savings to the church and submitted for the new bell.

Days passed by, the bell began to chime in its new and loud tone on a New Year day. Meanwhile Melwin followed his old practice of saving. But, this time Melwin could feel his savings grow and grow at a faster pace than before. It was not a magic or a wonder, the reason is simple, Melwin could start his day a bit early in the morning alerted by the sound of the new bell of the church. By this he was able to catch the first ferry leading to the shop and open it much earlier than other shops in the area giving an added impetus to his business. The "bell" actually changed his fortune and Melwin remained as the happiest man enkindled by new hopes and aspirations for the years to come. ■

# കത്തീഡ്രലും കുന്നംകുളം വ്യാപാരികളുടെ ക്രിസ്തുമസ് ആഘോഷങ്ങളും

**കെ.സി. കൊച്ചുണ്ണി, എറണാകുളം**

ദൈവപുത്രനായ മിശിഹാ കർത്താവിന്റെ ജനനപെരുന്നാൾ ആഘോഷിക്കുമ്പോൾ തീർച്ചയായും ദൈവമാതാവിനോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായും, വ്യാപാരികളിൽ ഏറിയപങ്കും ഓർത്തഡോക്സ് വിശ്വാസികളായതിനാലുമാണ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽനിന്ന് കരോൾ ആഘോഷങ്ങൾ ആരംഭിച്ച് കർദ്ദിനാൾ അരമനയിൽ അവസാനിപ്പിക്കുന്ന പതിവുണ്ടായത്.

1970 കളിൽ ബസ്സാർ കമ്മിറ്റിയുടെ കരോൾ ആഘോഷങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ, ജനനപെരുന്നാളിൽ കുന്നംകുളത്തുകാരുടെ വകയായി ശ്രീമാൻ പി.വി. ഉതുപ്പിന്റെ നേതൃത്വത്തിൽ പിരിവെടുത്ത് സെന്റ് മേരീസിൽ പഴം നേർച്ചവിളമ്പ് നടത്തുക പതിവായിരുന്നു. മാത്രമല്ല, ദൈവമാതാവിനോടുള്ള പ്രാർത്ഥനയാൽ കച്ചവടകാര്യാദികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് വളരെ സഹായകമാകുമെന്നുള്ള വിശ്വാസവും കുന്നംകുളം കച്ചവടസമൂഹത്തിനുണ്ട്.

(ശേഷം പേജ് 4-ൽ)



(3-ാം പേജിൽ നിന്നും)

1978 മുതൽ മേത്തർ ബസ്സാറിലെ ക്രിസ്തുമസ് കരോൾ സെലിബ്രേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കരോൾ പ്രത്യേകമായി ആരംഭിച്ചു. വാദ്യഘോഷങ്ങളോടും, എല്ലാ വിധ ആഘോഷങ്ങളോടും കൂടി സ്നേഹത്തിന്റെ ഐക്യ സന്ദേശം വിളിച്ചോതിക്കൊണ്ട് സെന്റ് മേരീസിൽ നിന്നും തുടങ്ങുന്ന ഘോഷയാത്ര എറണാകുളത്തിന്റെ രാജവീഥിയായ ബ്രോഡ്‌വേയിലേക്ക് പ്രവേശിച്ച്, ക്രിസ്തുമസ്സ് ഷോപ്പിങ്ങിനായി വരുന്ന കസ്റ്റമേഴ്സിനെ ആനന്ദിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ, മേത്തർ ബസ്സാർ എന്ന ഹോൾസെയിൽ മാർക്കറ്റിനെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ മൂന്നു ഘട്ടമായി, രാവിലെ പൊതു സമ്മേളനവും, അരിവിതരണം തുടങ്ങിയ സംഭാവനകളും, ഉച്ചതിരിഞ്ഞ് അതിഗംഭീരമായ കരോൾ ഘോഷയാത്രയും നടത്തുന്നു. കേരളത്തിലെ പ്രശസ്തരായ ബാന്റ്, ചെണ്ടമേളക്കാരെ നേരത്തേതന്നെ ബുക്കു ചെയ്ത് കൊണ്ടുവന്ന്, ചെണ്ടമേളവും, പപ്പാഞ്ഞികളും, കൂടാതെ ഹാസ്യകലാരൂപങ്ങളും എല്ലാം ഒത്തുചേർന്ന് കേരളീയ സാംസ്കാരികപൈതൃകം വിളിച്ചോതുന്ന ടാബ്ലോ മുതലായവയും ഉൾപ്പെടുന്നതാണ് കരോൾ ഘോഷയാത്ര. അതിനുശേഷം കലാഭവനും, ഹരിശ്രീയും മറ്റും പങ്കെടുക്കുന്ന മിമിക്രിയും ഗാനമേളയും. എല്ലാംകൂടി കുന്നംകുളത്തെ പള്ളിപ്പെരുന്നാളുകളെ ഓർമ്മിപ്പിക്കുന്ന കച്ചവടക്കാരുടെ കുടുംബസംഗമങ്ങളും. ഹായ്, എന്തൊരു മധുരസ്മരണകളാണ് 80കളിലെ കരോളിനെപ്പറ്റി ഓർക്കുമ്പോൾ ഉണ്ടാകുന്നത് !

കാലം കഴിഞ്ഞതോടെ കുന്നംകുളം കച്ചവടക്കാരുടെ സംഘങ്ങൾ മത്സരിച്ച് പുതിയ പുതിയ ബസ്സാറുകൾ ഉണ്ടാവുകയും അവിടെയെല്ലാം ക്രിസ്തുമസ് കരോൾ കമ്മിറ്റികളുണ്ടാവുകയും, ക്രിസ്തുമസ്സ് ആഴ്ചയിൽ ദിനംതോറും ഓരോരോ ബസ്സാറുകളുടെ ആഭിമുഖ്യത്തിൽ കരോൾ ആഘോഷങ്ങൾ പ്രത്യേകം പ്രത്യേകമായി ഒരു മത്സരപ്രകടനം പോലെ ആരംഭിച്ചെങ്കിലും, ഘോഷയാത്ര എല്ലാവരും ഒരുമിച്ച് സെന്റ്മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നിന്നുതന്നെയാണ് തുടങ്ങുന്നത് എന്നത് ശ്രദ്ധേയമാണ്.



ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 23-ാം തീയതി എറണാകുളം ജനറൽ ഹോസ്പിറ്റലിലെ സ്റ്റാഫിനും, രോഗികൾക്കും കൂടെയുള്ളവർക്കും സെന്റ് മേരീസ് കത്തീഡ്രലിന്റെ വക മധുരപലഹാരം നൽകിയപ്പോൾ.

## മരുന്നു വിതരണം

ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഡിസംബർ മാസത്തെ വിതരണം, ഡിസംബർ 12 ശനിയാഴ്ച കോർപ്പറേഷൻ കൗൺസിലർ ശ്രീ. കെ.വി.പി. കൃഷ്ണകുമാറിന്റെ സാന്നിദ്ധ്യത്തിൽ അസി. വികാരി ഫാ. പി.ഐ. വർഗ്ഗീസും അസി. വികാരി ഫാ. പ്രിൻസ് മാത്യുവും ചേർന്ന് നിർവ്വഹിച്ചു.

പെരുന്നാളാശംസകളോടെ...

GRACE OPTICALS

KADAVANTHRA, COCHIN-20

# കുടുംബ വിശേഷങ്ങൾ

## വിശേഷദിവസങ്ങൾ

**ജനുവരി**

15 വെള്ളി : വിത്തുകൾക്കുവേണ്ടി വി.ദൈവമാതാവിന്റെ ഓർമ്മ

25 തിങ്കൾ : മൂന്നു നോമ്പ് ആരംഭം

26 ചൊവ്വ : പ.മാർത്തോമ മാത്യൂസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (ശാസ്താംകോട്ട)

28 വ്യാഴം : മൂന്നു നോമ്പ് വീടൽ

31 ഞായർ : വാങ്ങിപ്പോയ സകല പട്ടക്കാരുടെയും ഓർമ്മ

**ഫെബ്രുവരി**

2 ചൊവ്വ : മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം). പത്രോസ് മാർ ഓസ്ത്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട് കാർമ്മൽ ദയറ)

## അഭിനന്ദനങ്ങൾ



കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് ബി.ഫാമിന് ഒന്നാം റാങ്ക് നേടിയ ദിവ്യാ ജേക്കബ്.

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം വയലത്തല മഠത്തിലേത്ത് പൂതക്കല്ലിൽ ജേക്കബ് ഏബ്രഹാമിന്റെയും, സൂസൻ ജേക്കബിന്റെയും മകളാണ്.

## മാമോദീസ

1) പച്ചാളം Kannathil Aswathyയിൽ ശ്രീ. ഫിലിപ്പ് കെ. ഫിലിപ്പിന്റെയും, ശ്രീമതി അനു ഫിലിപ്പിന്റെയും മകൻ ജേക്കബ് 26-12-2009 -ൽ മാമോദീസാ സ്വീകരിച്ചു.

2) തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര കിഴക്കേമുളക്കൽ ശ്രീ. തോമസ് കെ. ജേക്കബിന്റെയും ശ്രീമതി സുമ തോമസിന്റെയും മകൻ ജേക്കബ് തോമസ് 26-12-2009-ൽ മാമോദീസാ സ്വീകരിച്ചു.

3) എറണാകുളം നോർത്ത് മാനാച്ചിറയ്ക്കൽ ശ്രീ. സുനിൽ ജോർജ്ജിന്റെയും, ശ്രീമതി റബേക്കയുടെയും മകൻ ഫിലിപ്പ് (അലക്സാണ്ടർ മാത്യൂ) 1-1-2010-ൽ മാമോദീസ സ്വീകരിച്ചു

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം

1. തൈക്കൂടം Pullolickal ശ്രീ. തോമസ് പി. മാണിയുടെയും ശ്രീമതി മറിയക്കുട്ടിയുടെയും മകൻ രോഹിതും ആലുവ തോട്ടക്കാട്ടുകര കോടിയാട്ടിൽ ഡോ. കെ.എം. ജോർജ്ജിന്റെയും ശ്രീമതി സൂസൻ ജയ കോശിയുടെയും മകൾ സൂസനും 27-12-2009 ൽ കത്തീഡ്രലിൽ വച്ച് വിവാഹിതരായി.
2. പനമ്പിള്ളി നഗർ മഞ്ഞല്ലൂർ ശ്രീ ഷാജി ജേക്കബിന്റെയും, ശ്രീമതി റാണി ജേക്കബിന്റെയും മകൻ ജേക്കബും, ആലുവ നെല്ലിക്കൽ ശ്രീ. എൻ. ഡി. ജോസിന്റെയും, ശ്രീമതി ആനി ജോസിന്റെയും മകൾ റൈനിയും 4-01-2010 ൽ കത്തീഡ്രലിൽ വച്ച് വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതനായി



മാമംഗലം ഇടവമ്മേലിൽ ശങ്കരമംഗലത്ത് ശ്രീ. ജേക്കബ് സി. മാത്യു (68) 11-12-2009 ൽ നിര്യാതനായി. 14-12-2009 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു. പരേതൻ കത്തീഡ്രലിന്റെ മുൻ ട്രസ്റ്റിയും നിലവിൽ മാനേജിങ് കമ്മിറ്റി അംഗവുമായിരുന്നു.

*പ്രത്യേക ആദരാഞ്ജലികൾ*

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***